DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

# സ്കൂൾ സ്റ്റുഡന്റ് ഐ.ടി. കോ-ഓർഡിനേറ്റർമാർക്കും ഹൈസ്കൂൾ വിദ്യാർഥികൾക്കും പ്രത്യേക ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങളും പരിശീലനങ്ങളും

## 'ഹായ്സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി'

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.07.2010 ലെ എൻ.ഇ.പി. (3)/66500/2008/ ഡി.പി.ഐ. നമ്പർ സർക്കുലർ, 31.12.2016 ലെ എൻ.ഇ.പി.(3) 92196/16 നമ്പർ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ ഹൈസ്കൂൾ വിദ്യാർഥികൾക്കും സ്കൂൾ സ്റ്റുഡന്റ് ഐ.ടി.കോ-ഓർഡിനേറ്റർമാർക്കും പ്രത്യേക ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങളും പരിശീലനങ്ങളും ക്രമീകരിച്ചിരിക്കുന്നു. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

പഠന ബോധന പ്രക്രിയ ലളിതവും രസകരവും കൂടുതൽ ഫലപ്രദവുമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ ഉപയോഗവും സ്കൂളുകളിൽ നടപ്പിലാക്കുന്നത്. വിവരവിനിമയസാങ്കേതികവിദ്യാധിഷ്ഠിത പഠനം സാർവത്രികമായ ഈ കാലഘട്ടത്തിൽ ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങളിൽ വിദ്യാർഥികളെ പങ്കാളികളാക്കേണ്ടതിന്റെ പ്രസക്തി വർദ്ധിച്ചിരിക്കുകയാണ്. വിവരസംവേദന ഉപകരണങ്ങളുടെ പ്രവർത്തനത്തിലും പ്രയോഗത്തിലും വിദ്യാർഥികൾ പ്രകടിപ്പിച്ചുവരുന്ന സ്വാഭാവിക താത്പര്യത്തെ ശരിയായി വളർത്തിയെടുക്കുക, സാങ്കേതികവിദ്യയെ ക്രിയാത്മകമായ രീതിയിൽ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുമെന്നുറപ്പിക്കുക, വിദ്യാർഥികളിലെ സാങ്കേതികവിദ്യാ പ്രയോഗക്ഷമതയെ ഐ.സി.ടി. അധിഷ്ഠിത പഠനത്തിലൂടെ സ്കൂളിന്റെ മികവു വർധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ചാലകശക്തിയാക്കാൻ സാധിക്കുക, സൈബർ സുരക്ഷയുൾപ്പെടെയുള്ള കാര്യങ്ങൾ അറിയാൻ മാത്രമല്ല, അതിനെക്കുറിച്ച് സമൂഹത്തിൽ ബോധവൽക്കരണം നടത്താനും വിദ്യാർഥികളെ സജ്ജരാക്കുക തുടങ്ങിയവയ്ക്കായി ഐ.ടി.@സ്കൂൾ പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ ഓരോ സ്കൂളിലും സ്കൂൾ സ്റ്റുഡന്റ് ഐ.ടി. കോ-ഓർഡിനേറ്റർമാരെ (എസ്.എസ്.ഐ.ടി.സി) തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റേയും ഹൈടെക് സ്കൂൾ പദ്ധതിയുടേയും ഭാഗമായി ഹൈസ്കൂൾ കുട്ടികളുടെ ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കുട്ടികളുടെ കൂട്ടായ്മ; **'ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി'** ആരംഭിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതിയിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതും പദ്ധതിയുടെ പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ;

1. സ്കൂളുകളിലെ ഐ.ടി., ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങളിൽ സ്കൂൾ സ്റ്റുഡന്റ് ഐ.ടി. കോർഡിനേറ്റർമാരുടെയും ഐ.സി.ടി.യിൽ ആഭിമുഖ്യവും താത്പര്യവുമുള്ള കുട്ടികളുടെയും പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനും വ്യാപകമാക്കുന്നതിനും ഐ.ടി@സ്കൂൾ പ്രോജക്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് **'ഹായ്സ്കൂൾ കുട്ടിക്കൂട്ടം'.**
2. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളിലെ തിരഞ്ഞെടുത്ത വിദ്യാർഥികൾക്ക് ഈ കൂട്ടായ്മയിൽ അംഗങ്ങളാകാം. എട്ട്, ഒമ്പത്, പത്ത് ക്ലാസിലെ വിദ്യാർത്ഥികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.
3. സ്കൂൾ ഐ.ടി കോർഡിനേറ്റർ, ജോയിന്റ് സ്കൂൾ ഐ.ടി കോർഡിനേറ്റർ എന്നിവരുടെ ചുമതലയിലാണ് ഓരോ സ്കൂളിലും 'ഹായ്സ്കൂൾ കുട്ടിക്കൂട്ടം' പ്രവർത്തിക്കേണ്ടത്. ഇതിനായി പി.ടി.എ. പ്രസിഡന്റ് ചെയർമാനായും, ഹെഡ്മാസ്റ്റർ കൺവീനറായും പ്രത്യേക രക്ഷാധികാര സമിതിയും രൂപീകരിക്കേണ്ടതാണ്. (അനുബന്ധം കാണുക)

4. ഓരോ സ്കൂളിൽ നിന്നും കുറഞ്ഞത് ഇരുപത് കുട്ടികളെങ്കിലും പദ്ധതിയിൽ അംഗങ്ങളായി ഉണ്ടായിരിക്കണം. സ്കൂളിലെ ആകെ കുട്ടികളുടെ എണ്ണത്തിന്റെ 12% ശതമാനം വരെ പരമാവധി അംഗങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
5. പദ്ധതിയിൽ അംഗത്വം ലഭിക്കാൻ ആഗ്രഹിക്കുന്നവരുടെ പേരുകൾ സ്കൂൾ ഐ.ടി കോർഡിനേറ്റർമാർ www.itschool.gov.in ൽ Training Management System – ൽ ലോഗിൻ ചെയ്ത് SSITC Registration 2017 ജനവരി 24 നകം പൂർത്തിയാക്കേണ്ടതാണ്.
6. 2016-17 അധ്യയനവർഷം എട്ട്, ഒമ്പത് ക്ലാസിൽ പഠിക്കുന്നവരെ മാത്രമാണ് ഇപ്പോൾ രജിസ്റ്റർ ചെയ്യേണ്ടത്.
7. സ്കൂൾ തലത്തിൽ പ്രത്യേക പരീക്ഷ നടത്തിയാണ് അഭിരുചിയും താത്പര്യവുമുള്ള വിദ്യാർത്ഥികളെ അംഗങ്ങളായി തിരഞ്ഞെടുക്കേണ്ടത്.
8. തുടർന്നുള്ള ഓരോ അധ്യയന വർഷവും ജൂൺ മാസത്തിൽ പുതിയ അംഗങ്ങളെ പദ്ധതിയിൽ ചേർക്കേണ്ടതാണ്.
9. പദ്ധതിൽ അംഗങ്ങളായവർക്ക് 8, 9 ക്ലാസുകളിൽ വെച്ച് ചുവടെ നൽകിയ മേഖലകളിൽ പ്രത്യേക പരിശീലനം നൽകുന്നതാണ്.
    - അനിമേഷൻ & മൾട്ടീമീഡിയ
    - ഹാർഡ്‌വെയർ
    - ഇലക്ട്രോണിക്സ്
    - ഭാഷാ കമ്പ്യൂട്ടിങ്
    - ഇന്റർനെറ്റും സൈബർ സുരക്ഷയും
10. പദ്ധതിയിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾ 10 -ാം ക്ലാസ്സിൽ ടി മേഖലയിലെ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത് അതുമായി ബന്ധപ്പെട്ട പ്രായോഗിക പ്രോജക്ട് ചെയ്യേണ്ടതാണ്.
11. പദ്ധതിയിൽ അംഗങ്ങളായവർക്കുള്ള ആദ്യഘട്ട പരിശീലനം 2017 മാർച്ച് 31 ന് മുമ്പ് ഐ.ടി. @ സ്കൂൾ പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ നൽകുന്നതാണ്.
12. അനുബന്ധമായി ചേർത്തിട്ടുള്ള പദ്ധതി വിശദാംശങ്ങളുടെ അടിസ്ഥാനത്തിലാണ് 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പ്രവർത്തിക്കേണ്ടത്.

**കെ. അൻവർ സാദത്ത്**
(എക്സിക്യൂട്ടീവ് ഡയറക്ടർ)

Hi school

ഹായ് സ്കൂൾ

# കുട്ടിക്കൂട്ടം

(കുട്ടികളുടെ ഐ.സി.ടി. കൂട്ടായ്മ)



Govt of Kerala
Dept of General Education

IT @ School

# ഹായ് സ്കൂൾ കുട്ടിക്കൂട്ടം

**ആമുഖം**

വിവരവിനിമയ സാങ്കേതികവിദ്യ പഠന വിഷയവും പഠനോപകരണവുമായ ഈ കാലഘട്ടത്തിൽ അധ്യാപക ശാക്തീകരണംപോലെ വിദ്യാർത്ഥികളുടെ സ്വയംപഠന ശേഷി വർദ്ധിപ്പിക്കുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സാങ്കേതികവിദ്യയിൽ സമർത്ഥരും സഹപാഠികളേയും സ്കൂളിന്റെ പ്രവർത്തനങ്ങളേയും സഹായിക്കാൻ സന്നദ്ധരുമായ കുട്ടികളെ തെരഞ്ഞെടുത്ത് പ്രത്യേക പരിശീലനം നൽകി, ഐ.ടി. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് സ്കൂൾ സ്റ്റുഡന്റ് ഐ.ടി. കോ-ഓർഡിനേറ്റർമാരെ 2010 ൽ തിരഞ്ഞെടുത്തിരുന്നത്. വിവരവിനിമയ സാങ്കേതികവിദ്യാധിഷ്ഠിത പഠനം പ്രാബല്യത്തിൽ വന്നതോടെ ലോകത്താകമാനം വിദ്യാഭ്യാസപ്രക്രിയയുടെ ഘടനയും രീതിയും ഏറെ മാറ്റിമറിക്കപ്പെട്ടു. പാഠപുസ്തകത്തിലും ക്ലാസ്മുറിയിലും ചിട്ടപ്പെടുത്തിയിരിക്കുന്ന അറിവുകൾക്കുമപ്പുറം അധ്യാപകന്റെയും വിദ്യാർത്ഥിയുടെയും പങ്കാളിത്തത്തോടെയുള്ള ഒരു വിദ്യാഭ്യാസ പ്രക്രിയയാണ് രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്. കുട്ടിയുടെ മനസ്സ് സന്നദ്ധമായിരിക്കുമ്പോഴൊക്കെ, അധ്യാപകരോടു സംവദിക്കുന്നതിനും ആവശ്യമെങ്കിൽ വിദഗ്ദ്ധരുമായി ആശയവിനിമയത്തിനുമുള്ള സൗകര്യങ്ങളാണ് വിവരവിനിമയ സാങ്കേതികവിദ്യ നൽകുന്നത്. ഈ സാഹചര്യത്തിൽ പഠനപ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടത്തിപ്പിലും സാങ്കേതിക സൗകര്യങ്ങളുടെ പ്രയോഗത്തിലും വിദ്യാർഥികളെക്കൂടി സമുചിതമായി പങ്കാളികളാക്കേണ്ടതാണ്.

കമ്പ്യൂട്ടർ, മൊബൈൽഫോൺ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ പ്രവർത്തനത്തിലും പ്രയോഗത്തിലും വിദ്യാർഥികൾക്ക് പ്രത്യേക ആഭിമുഖ്യമാണല്ലോ. കുട്ടികൾ പ്രകടിപ്പിക്കുന്ന ഈ സ്വാഭാവിക താത്പര്യത്തെ ശരിയായി വളർത്തിയെടുക്കുക, സാങ്കേതികവിദ്യയെ ക്രിയാത്മകമായ രീതിയിൽ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുമെന്നുറപ്പിക്കുക, വിദ്യാർഥികളിൽ കാണുന്ന സാങ്കേതികവിദ്യാപ്രയോഗക്ഷമതയെ ഐ.സി.ടി. അധിഷ്ഠിത പഠനത്തിന്റെ വ്യാപനത്തിലൂടെ സ്കൂളിന്റെ മികവു വർധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്കുള്ള ചാലകശക്തിയാക്കാൻ സാധിക്കുക, സൈബർ സുരക്ഷയുൾപ്പെടെയുള്ള കാര്യങ്ങൾ അറിയാൻ മാത്രമല്ല, അതിനെക്കുറിച്ച് സമൂഹത്തിൽ ബോധവൽക്കരണം നടത്താനും വിദ്യാർഥികളെ സജ്ജീകരിക്കുക തുടങ്ങിയവ ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്.

ഐ.സി.ടി രംഗത്ത് ആഭിമുഖ്യം പ്രകടിപ്പിക്കുന്ന കുട്ടികളുടെ കൂട്ടായ്മകൾ സ്കൂളുകളിൽ സംഘടിപ്പിക്കുന്നതിലൂടെ നിശ്ചിത പ്രവർത്തനങ്ങളിലൂടെ അവരുടെ സർഗാത്മകത പ്രയോജനപ്പെടുത്തുന്നതിനും ഐ.സി.ടി രംഗത്തു പഠന-പ്രവർത്തന താത്പര്യമുള്ള കുട്ടികളെ

കണ്ടെത്തുന്നതിനും സാധിക്കുന്നു. കൂടാതെ ഈ രംഗത്തുള്ള വിദ്യാർഥികളുടെ അറിവും കഴിവും വളർത്തിയെടുക്കാനും പഠനപ്രവർത്തനങ്ങളിലുള്ള താത്പര്യം വളർത്താനും വിവിധ ഐ.സി.ടി അധിഷ്ഠിത തൊഴിൽമേഖലകൾ മനസ്സിലാക്കാനും ഈ കൂട്ടായ്മകൾ സഹായിക്കുന്നു.

സ്കൂൾ സ്റ്റുഡന്റ് ഐ.ടി. കോ-ഓർഡിനേറ്റർമാർക്ക് ഐ.ടി@സ്കൂൾ പ്രോജക്ട് വിപുലമായ പരിശീലനപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. എസ്.എസ്.ഐ.ടി.സിമാർക്കുള്ള പ്രത്യേക ഐ.ടി.അധിഷ്ഠിത പരിശീലനം, 12,677 വിദ്യാർഥികൾക്ക് ഒരാഴ്ച കൊണ്ട് പൂർത്തിയാക്കിയ അഞ്ച് ദിവസത്തെ അനിമേഷൻ പരിശീലനം, 27,764 സ്റ്റുഡന്റ് ഐ.ടി. കോ-ഓർഡിനേറ്റർമാർക്ക് നൽകിയ ഹാർഡ്‌വെയർ പരിശീലനം, സ്റ്റുഡന്റ് ഐ.ടി. കോ-ഓർഡിനേറ്റർമാരെ ഉപയോഗപ്പെടുത്തി സംസ്ഥാനത്ത് ആകെ 1,74,603 രക്ഷിതാക്കൾക്ക് നൽകിയ പ്രത്യേക ഐ.ടി. പരിശീലനം എന്നിവ സ്കൂളുകളിലെ ഈ ഐ.ടി. സന്നദ്ധസേനയുടെ വളർച്ചയിലെ നിർണയാക ചുവടുവയ്പുകളായിരുന്നു.

നമ്മുടെ സ്കൂളുകളിൽ ഐ.സി.ടി. ശാക്തീകൃത ക്ലാസ്മുറികളും പഠനവും വ്യാപകമാകുന്നതോടെ സ്കൂൾ ഐ.സി.ടി. കൂട്ടായ്മക്കും അതുവഴിയുള്ള പ്രവർത്തനങ്ങൾക്കും കൂടുതൽ പ്രസക്തിയും പ്രാധാന്യവും കൈവരുകയാണ്. ഈ സാഹചര്യത്തിൽ സ്കൂൾ സ്റ്റുഡന്റ് ഐ.ടി. കോ-ഓർഡിനേറ്റർമാരുടെയും ഐ.സി.ടി. രംഗത്ത് ആഭിമുഖ്യം പ്രകടിപ്പിക്കുന്ന കുട്ടികളുടെയും പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനും വ്യാപകമാക്കുന്നതിനും ഐ.ടി@സ്കൂൾ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര നൂതനപദ്ധതിയാണ് '**ഹായ്സ്കൂൾ കുട്ടിക്കൂട്ടം**'.

**<u>ലക്ഷ്യങ്ങൾ</u>**

- വിവരവിനിമയ സാങ്കേതികവിദ്യാരംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താത്പര്യത്തെ പരിപോഷിപ്പിക്കുക.
- ഐ.സി.ടി. സങ്കേതങ്ങൾ കുട്ടികൾക്ക് ആഴത്തിലും പരപ്പിലും സ്വായത്തമാക്കാനുള്ള അന്തരീക്ഷം പ്രദാനം ചെയ്യുക.
- സംഘപഠനത്തിന്റെയും സഹവർത്തിതപഠനത്തിന്റെയും അനുഭവങ്ങൾ കുട്ടികൾക്കു പ്രദാനം ചെയ്യുക.
- വിദ്യാലയത്തിലെ ഐ.സി.ടി. അധിഷ്ഠിത പഠനത്തിന്റെ മികവ് കൂട്ടാനും, സാങ്കേതികപ്രശ്നങ്ങൾ പരിഹരിക്കാനും വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കുക.
- കൂട്ടായ്മയിലൂടെയുള്ള പ്രവർത്തനത്തിലൂടെ നേതൃപാടവവും, സഹകരണമനോഭാവവും കുട്ടികളിൽ വളർത്തുക.
- വിദ്യാലയങ്ങളിലെ ഐ.സി.ടി. ഉപകരണങ്ങളുടെ വിനിയോഗവും നടത്തിപ്പും കാര്യക്ഷമമാക്കുന്നതിൽ വിദ്യാർഥികളെ പങ്കാളികളാക്കുക.
- സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെക്കുറിച്ച്

വിദ്യാർഥികളെ ബോധവാന്മാരാക്കുകയും ഇതുമായി ബന്ധപ്പെട്ട പ്രചാരണ പരിപാടികളിൽ നേതൃത്വപരമായ പങ്കാളിത്തം വഹിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക.

- ഭാഷാ കമ്പ്യൂട്ടിങ്ങിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുകയും വിവിധ ഭാഷാകമ്പ്യൂട്ടിങ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പ്രവർത്തിക്കാനുള്ള അവസരം ലഭ്യമാക്കുകയും ചെയ്യുക.
- പുതുതലമുറ സാങ്കേതികഉപകരണങ്ങൾ പരിചയപ്പെടാനും അവ ഉപയോഗിച്ച് വിവിധ നിർമാണ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനുമുള്ള അവസരം വിദ്യാർഥികൾക്ക് ലഭ്യമാക്കുക.
- പഠന പ്രോജക്ട് പ്രവർത്തനങ്ങൾക്കുള്ള മേഖലകൾ കണ്ടെത്തി ഗവേഷണപ്രവർത്തനങ്ങൾ ചെയ്യാനുള്ള താൽപ്പര്യം വളർത്തിയെടുത്തുക.

**പ്രവർത്തനനേട്ടങ്ങൾ**

- ഹാർഡ്‌വെയർ പരിപാലനം
- പ്രാദേശിക പഠനവിഭവ നിർമാണം
- സ്വയംപഠന വിഭവങ്ങളുടെ പ്രയോജനപ്പെടുത്തൽ
- പങ്കാളിത്ത മാതൃകയിലുള്ള ഉള്ളടക്ക നിർമാണം
- അനിമേഷൻ സിനിമാ നിർമാണം
- വിക്ടേഴ്സ് ചാനലിനാവശ്യമായ വിഭവങ്ങൾ തയാറാക്കൽ
- പ്രാദേശികഭാഷാ കമ്പ്യൂട്ടിങ്
- പുതുതലമുറ ഹാർഡ്‌വെയർ ഉപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ച് വിവിധ പ്രോജക്ടുകൾ ചെയ്യൽ
- സൈബർ സുരക്ഷയെക്കുറിച്ചുള്ള അവബോധം ലഭിക്കൽ

## ഘടന ( Structure)

സ്കൂൾതലത്തിൽ കുട്ടികളുടെ ഐ.സി.ടി. കൂട്ടായ്മയുടെ സംഘാടനവും പ്രവർത്തനവും കാര്യക്ഷമമാക്കാൻ ഒരു രക്ഷാധികാരസമിതി രൂപീകരിക്കേണ്ടതാണ്. 11 പേരടങ്ങുന്ന ഈ സമിതിയുടെ ഘടന ചുവടെ നൽകുന്നു.

- ചെയർമാൻ - പി.ടി.എ പ്രസിഡന്റ്
- കൺവീനർ - ഹെഡ്മാസ്റ്റർ
- വൈസ് ചെയർമാന്മാർ - എം.പി.ടി.എ. പ്രസിഡന്റ്, പി.ടി.എ. വൈസ് പ്രസിഡന്റ്
- ജോയിന്റ് കൺവീനർമാർ - എസ്.ഐ.ടി.സി, ജോയിന്റ് എസ്.ഐ.ടി.സി.
- കുട്ടികളുടെ പ്രതിനിധികൾ - 5

രക്ഷാധികാര സമിതിയുടെ യോഗം ചേർന്നാണ് കുട്ടിക്കൂട്ടായ്മയുടെ സ്കൂൾതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടത്. ഓരോ ടേമിലും ചുരുങ്ങിയത് ഒരു രക്ഷാധികാരസമിതിയോഗമെങ്കിലും കൂടേണ്ടതാണ്.

- ഹൈസ്കൂൾ ക്ലാസിലെ വിദ്യാർഥികളെയാണ് പദ്ധതിയിൽ അംഗങ്ങളായി ചേർക്കേണ്ടത്. കുട്ടികളുടെ എണ്ണത്തിനും അഭിരുചിക്കും താത്പര്യത്തിനുമനുസരിച്ച് സ്കൂളിലെ ആകെ കുട്ടികളുടെ എണ്ണത്തിന്റെ 12% ശതമാനം വരെ വിദ്യാർഥികളെ പദ്ധതിയിലേയ്ക്ക് ഉൾപ്പെടുത്താം. ഓരോ വർഷവും ജൂൺ 20 നും 30 നും ഇടയ്ക്ക് സ്കൂൾ തലത്തിൽ പ്രത്യേക ഐ.സി.ടി. അഭിരുചി പരീക്ഷ നടത്തിയാണ് കുട്ടികളെ തിരഞ്ഞെടുക്കേണ്ടത്.

**<u>ഐ.സി.ടി. കുട്ടിക്കൂട്ടായ്മയുടെ സംഘാടനവും പ്രവർത്തനവും</u>**

- സ്കൂൾ ഐ.ടി കോ-ഓർഡിനേറ്റർ, ജോയിന്റ് സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിലാണ് ഈ ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തിക്കേണ്ടത്.
- അനിമേഷൻ & മൾട്ടീമീഡിയ, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ്, ഭാഷാ കമ്പ്യൂട്ടിങ്, ഇന്റർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ അഞ്ച് മൊഡ്യൂളുകളിലാണ് കുട്ടിക്കൂട്ടങ്ങൾക്ക് ഐ.സി.ടി.പരിശീലനം നൽകുന്നത് .
- ഓരോ മൊഡ്യൂളും പൂർത്തിയാക്കാനാവശ്യമായ പരിശീലനങ്ങളും പരിശീലനവിഭവങ്ങളും വിദ്യാർഥികൾക്ക് നൽകേണ്ടതാണ്.
- എട്ട്, ഒമ്പത് ക്ലാസ്സുകളിലായാണ് ഈ അഞ്ച് മൊഡ്യൂളുകളും പരിശീലിക്കേണ്ടത്.
- പത്താം ക്ലാസ്സിൽ ഇവയിൽ ഏതെങ്കിലും ഒരു മേഖല തെരഞ്ഞെടുത്ത് അതുമായി ബന്ധപ്പെട്ട പ്രായോഗിക പ്രോജക്ട് പ്രവർത്തനം ഓരോ വിദ്യാർഥിയും പൂർത്തീകരിക്കേണ്ടതാണ്.
- ഐ.സി.ടി. വിഷയം പഠിപ്പിച്ച ഏതെങ്കിലും അധ്യാപകരുടെ സേവനം പ്രോജക്ട് പ്രവർത്തനത്തിന്റെ സഹായിയായി (Guide) കുട്ടികൾ പ്രയോജനപ്പെടുത്തേണ്ടതാണ്.
- ഐ.സി.ടി.യുമായി ബന്ധപ്പെട്ട സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും സഹായിക്കാൻ സ്കൂളിലെ ഐ.സി.ടി. കുട്ടിക്കൂട്ടായ്മയിലെ അംഗങ്ങൾ സദാ സന്നദ്ധരായിരിക്കണം.

**<u>പ്രവർത്തനരീതി</u>**

സ്കൂൾ സ്റ്റുഡന്റ് കോ-ഓർഡിനേറ്റർമാരടങ്ങുന്ന സന്നദ്ധസേനയുടെ പ്രവർത്തനം ഒരു സ്കൂളിലെ എല്ലാ വിദ്യാർഥികളിലേക്കും എത്തിക്കുന്ന തരത്തിലേക്ക് വിപുലീകരിക്കുകയാണ് 'ഹായ്സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതി വിഭാവനം ചെയ്യുന്നത്. ഓരോഘട്ടങ്ങളിലൂമുള്ള പ്രവർത്തന പുരോഗതി വിലയിരുത്തി ആവശ്യമായ മാറ്റങ്ങളും മെച്ചപ്പെടുത്തലുകളും വരുത്തി പടിപടിയായുള്ള വിപുലീകരണമാണ് പദ്ധതി ലക്ഷ്യംവക്കേണ്ടത്.

**<u>പ്രാഥമിക പരിശീലനം</u>**

ഓരോ ഹായ്സ്കൂൾ കുട്ടിക്കൂട്ടത്തിന്റെ ചുമതലയുള്ള അധ്യാപകർക്കും (എസ്.ഐ.ടി.സി., ജെ.എസ്.ഐ.ടി.സി) തെരഞ്ഞെടുത്ത കുട്ടിക്കൂട്ടപ്രതിനിധികൾക്കും പ്രാഥമിക ഐ.സി.ടി. പരിശീലനം നൽകുന്നതാണ്. വിദ്യാർഥികൾക്കും അധ്യാപകർക്കുമുള്ള പരിശീലനം പ്രത്യേകമായി തന്നെ നടത്തുന്നതാണ്.

**<u>തുടർ പരിശീലനങ്ങൾ</u>**

ഹായ്സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി മോഡ്യൂളിലൂടെ വിദ്യാർഥികൾ ചെയ്യേണ്ട വിവിധ പ്രോജക്റ്റ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പിൽ വരുത്താനുമുള്ള പിന്തുണയും സഹായവും നൽകാൻ, ചുമതലയുള്ള ഓരോ അധ്യാപകനും സാധ്യമാക്കണം. ഇതിനുതകുന്ന രീതിയിൽ വിവിധ തുടർപരിശീലനങ്ങൾ ചുമതലയുള്ള അധ്യാപകർക്ക് നൽകേണ്ടതുണ്ട്. ഓരോ വിദ്യാർഥിയും തെരഞ്ഞെടുക്കുന്ന പ്രോജക്റ്റ് പ്രവർത്തനങ്ങളുടെ 'മെന്റർ' എന്ന തരത്തിലേക്ക് ചുമതലയുള്ള അധ്യാപകനെ ഉയർത്തുക എന്നരീതിയിൽ അധ്യാപക പരിശീലനം നൽകുന്നതാണ്.

**<u>പ്രവർത്തന പദ്ധതികൾ</u>**

വിവരവിനിമയ സാങ്കേതികവിദ്യയുടെ വിനിയോഗത്തിൽ അതീവ താത്പര്യമുള്ളവരുടെ സംഘമാണ് ഹായ് സ്കൂൾ കുട്ടിക്കൂട്ടായ്മ. ഒരു കൂട്ടായ്മ എന്ന നിലയിൽ ഇതിലെ മെമ്പർമാർ സ്വന്തം താത്പര്യത്തിനനുസരിച്ചും അവരുടെതന്നെ നേതൃത്വത്തിലുമാണ് ഗ്രൂപ്പിന്റെ മുഴുവൻ പ്രവർത്തനങ്ങളും പ്രാവർത്തികമാക്കേണ്ടത്. ഈ ശീലം തുടക്കത്തിലെ പാലിച്ചുപോരാൻ സഹായിക്കുന്ന രീതിയിലാണ് കൂട്ടായ്മയുടെ ചുമതലയുള്ള എസ്.ഐ.ടി.സി.യും മറ്റും പ്രവർത്തിക്കേണ്ടത്. മുമ്പു പ്രതിപാദിച്ച അഞ്ച് പഠനമേഖലകളുടെ പരിശീലനപരിപാടികളുടെ വീഡിയോ പാഠങ്ങൾ ഓരോ സ്കൂളിനും ലഭ്യമാക്കും. ഇതിനു പുറമെ വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തി പ്രത്യേക ക്ലാസ്സുകളും സ്കൂൾ തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. പത്താം തരത്തിലെ കുട്ടികൾ പ്രോജക്റ്റ് പ്രവർത്തനത്തിനായി തിരഞ്ഞെടുത്ത മേഖലകളുടെ ഗ്രൂപ്പായി മാറുമ്പോൾ ഈ ഗ്രൂപ്പിൽ നിർബന്ധമായും 8, 9 ക്ലാസ്സുകളിലെ കുട്ടിക്കൂട്ടായ്മയിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതു വഴി കൂട്ടായ്മയിലംഗമായ 8, 9 ക്ലാസിലെ കുട്ടികൾക്ക് അവർക്കു പഠിക്കാനുള്ള മൊഡ്യൂളുകളുടെ പ്രായോഗിക പരിശീലനം ലഭിക്കും. ഇത്തരത്തിൽ 8, 9 ക്ലാസ്സുകളിൽ നടത്തുന്ന പ്രവർത്തനങ്ങളെയാണ് 10-ാം തരത്തിലെ പ്രോജക്റ്റ് പ്രവർത്തനമായി കുട്ടിക്കൂട്ടം വികസിപ്പിക്കേണ്ടത്. 10-ാം തരത്തിലെ കുട്ടികൾ അവർ ചെയ്യേണ്ട പ്രോജക്റ്റ് പ്രവർത്തനത്തിനായി തിരഞ്ഞെടുത്ത മേഖലകളിൽ താഴെ പറയുന്ന പ്രവർത്തനസാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

**1. അനിമേഷൻ & മൾട്ടീമീഡിയ**

ഗ്രാഫിക് ഡിസൈനിങ്, ഓഡിയോ-വീഡിയോ എഡിറ്റിങ്, അനിമേഷൻ നിർമാണം തുടങ്ങിയവയ്ക്ക് പാഠ്യപദ്ധതിയിൽ തന്നെ സ്ഥാനമുണ്ട്. കുട്ടികളെ ഉൾപ്പെടുത്തി അധ്യാപകരുടെ നേതൃത്വത്തിൽ സിനിമാ-അനിമേഷൻ നിർമാണം പോലുള്ള പ്രവർത്തനങ്ങൾ സംഘടിതമായി

ചില സ്കൂളുകളിലെങ്കിലും നടക്കാറുമുണ്ട്. ഇത് കുറെക്കൂടി വ്യാപകമായും ആസൂത്രിതമായും ഹൈസ്കൂളുകളിൽ ചെയ്യാൻ ഐ.സി.ടി. കൂട്ടായ്മക്കു സാധിക്കും. ഇതുവഴി പ്രവർത്തനനിരതമായ സ്കൂൾ അന്തരീക്ഷവും നിരന്തരം നിർമിക്കപ്പെടുന്ന സർഗസൃഷ്ടികളുമായി നമ്മുടെ വിദ്യാലയങ്ങൾ പരിവർത്തനപ്പെടും. മികവാർന്ന ഉത്പന്നങ്ങൾ വിക്ടേഴ്സ് ചാനൽ വഴി പ്രസിദ്ധീകരിക്കാൻ കഴിയും. ഐ.ടി.@സ്കൂൾ പ്രോജക്ട് ആവിഷ്കരിച്ച ANTS (Animation Training Programme for Students) പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടിക്കൂട്ടങ്ങൾക്ക് വിവിധ പരിശീലനപരിപാടികളും മത്സരങ്ങളും ആസൂത്രണം ചെയ്തു നടപ്പാക്കാവുന്നതാണ്.

**ഈ വിഭാഗത്തിലെ ചില പ്രവർത്തനസാധ്യതകൾ**

1. വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടുള്ള ബോധവത്ക്കരണ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കാർട്ടൂൺ/ അനിമേഷൻ തയാറാക്കൽ
2. സ്കൂളുകളിലെ ഏതെങ്കിലും പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷൻ തയാറാക്കൽ
3. പാഠപുസ്തകത്തിലെ വിവിധ പഠനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്ന ലഘു അനിമേഷനുകൾ തയാറാക്കൽ.
4. കുട്ടികൾ തന്നെ കഥ, തിരക്കഥ,സ്റ്റോറിബോർഡ് എന്നിവ തയാറാക്കി ലഘു സിനിമ/അനിമേഷൻ തയാറാക്കൽ

## 2. ഹാർഡ്‌വെയർ

ഐ.സി.ടി. ശാക്തീകൃത വിദ്യാഭ്യാസത്തിന്റെ ഫലപ്രദമായ തുടർച്ചക്ക് കമ്പ്യൂട്ടറുകളും അവയുമായി ചേർന്ന് പ്രവർത്തിക്കേണ്ട പ്രിന്റർ, നെറ്റ്‌വർക്കുകൾ തുടങ്ങിയവ ശരിയായി പരിപാലിക്കേണ്ടതുണ്ട്. ഇതിനായി കുട്ടികളുടെ തന്നെ ചുമതലപ്പെട്ട ഗ്രൂപ്പ് രംഗത്തുവരേണ്ടതുണ്ട്. കമ്പ്യൂട്ടർ ഹാർഡ്‌വെയർ, അവയുടെ ശരിയായ പരിപാലനം എന്നിവയിൽ പരിശീലനം ലഭിച്ച ഐ.സി.ടി. കൂട്ടായ്മയിലെ കുട്ടികൾ അവർ മനസ്സിലാക്കിയ കാര്യങ്ങളെ പ്രായോഗിമായി പരിശീലിച്ചു നോക്കാൻ സദാ തയാറായിരിക്കും. ആവശ്യമായ ആസൂത്രണം നടത്താനുള്ള സാഹചര്യമൊരുക്കാൻ ചുമതലയുള്ള അധ്യാപകരുടെ ഇടപെടലും സഹായവും ആവശ്യമായി വന്നേക്കാം. ഇത്തരമൊരു ചുമതല കുട്ടികൾ ഏറ്റെടുക്കുന്നതു വഴി കുട്ടികൾക്കു ലഭിക്കാവുന്ന നേട്ടങ്ങൾ പലതാണ്.

- വിവിധ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്വയം പ്രവർത്തിപ്പിക്കാൻ കഴിയുന്നു.
- ഒരു കമ്പ്യൂട്ടർ ലാബിന്റെ പൊതുപരിപാലനം, യു.പി.എസ്., യു.പി.എസ്. ബാറ്ററികൾ, പവർ റിലേ തുടങ്ങിയവയുടെ ദൈനംദിന മേൽനോട്ടം തുടങ്ങിയ കാര്യങ്ങളിൽ പ്രായോഗിക പരിശീലനം നേടാനാകുന്നു.
- കമ്പ്യൂട്ടറുകളുമായി ബന്ധപ്പെട്ട ലളിതമായ ട്രബിൾ ഷൂട്ടിങ് പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കുന്നു.

- ഹാർഡ്‌വെയർ ഉപകരണങ്ങൾ മാറ്റിവെക്കൽ, സിസ്റ്റം അസംബ്ലിങ്ങ് തുടങ്ങിയ കാര്യങ്ങളിൽ പ്രാവീണ്യം നേടാനാകുന്നു.

**ഹാർഡ്‌വെയർ പരിപാലനത്തിനായി ചെക്ക് ലിസ്റ്റ്**

ഹാർഡ്‌വെയർ, സിസ്റ്റം മെയിന്റനൻസ് എന്നിവയിൽ പരിശീലനം ലഭിച്ച കുട്ടികളുടെ ഗ്രൂപ്പിനെ പല സബ്ഗ്രൂപ്പുകളായി തിരിച്ച് ഓരോ ദിവസം ഓരോ സബ് ഗ്രൂപ്പ് എന്ന രീതിയിൽ ലാബിന്റെ സമഗ്രപരിപാലനത്തിനായി ഏൽപ്പിക്കുകയും ചെയ്യാം. ഇതിനായി ചുവടെ നൽകിയ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു ദൈനംദിന ലാബ് പരിപാലന ചെക്ക് ലിസ്റ്റ് നിർമിച്ചെടുക്കണം.

- മെയിൻ പവർ
- യു.പി.എസ്. റിലേ
- ബാറ്ററി വാട്ടർ (ആഴ്ചയിൽ ഒരിക്കൽ)
- ബാറ്ററി പവർ
- പ്രവർത്തിക്കുന്ന സിസ്റ്റങ്ങൾ
- പ്രവർത്തിക്കാത്ത സിസ്റ്റങ്ങൾ
- പ്രവർത്തിക്കാത്ത ഉപകരണങ്ങൾ
- നെറ്റ്‌വർക്കുകൾ ലഭിക്കാത്ത കമ്പ്യൂട്ടറുകൾ

മേൽ പറഞ്ഞ ഘടകങ്ങളുടെ പരിശോധനയിലെ കണ്ടെത്തലുകളും ചെയ്യേണ്ടി വന്ന പരിഹാര പ്രവർത്തനങ്ങളുടെ റിപ്പോർട്ടാണ് ഓരോരുത്തരും അവരുടെ പ്രോജക്ട് ഗൈഡിന് സമർപ്പിക്കേണ്ടത്.

### 3. ഭാഷാ കമ്പ്യൂട്ടിങ്

കുട്ടി, അധ്യാപിക, രക്ഷിതാവ്, പ്രദേശത്തെ പൊതുസമൂഹം തുടങ്ങിയ ഘടകങ്ങളുടെ സജീവവും നിർലോഭവുമായ പിന്തുണയോടെയാണ് ഏതൊരു സ്കൂളും പ്രവർത്തിക്കുന്നത്. സ്കൂളുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുകയും സമൂഹസമക്ഷത്തിൽ അവതരിപ്പിക്കുകയും ചെയ്യേണ്ടത് വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും പ്രകടനം വിലയിരുത്തുന്നതിനും അത്യന്താപേക്ഷിതമായ ഒന്നാണ്. ഇതിനായി സ്കൂൾ പത്രം, വെബ്സൈറ്റ്, ബ്ലോഗ്, വിക്കി, വാർത്തകൾ റിപ്പോർട്ട് ചെയ്യുന്ന സംഘം (**കുട്ടിറിപ്പോർട്ടർ**), ഡിജിറ്റൽ ഉള്ളടക്കങ്ങൾ തയാറാക്കൽ എന്നിങ്ങനെ വിവിധ സാധ്യതകൾ പ്രയോജനപ്പെടുത്താം. ഇത്തരത്തിൽ സ്കൂൾ പ്രവർത്തനങ്ങൾ പ്രസിദ്ധീകരിക്കുക വഴി പൊതുവേ സാഹിത്യസംരംഭങ്ങളാലും പ്രസിദ്ധീകരണ വിലയിരുത്തൽ പ്രവർത്തനങ്ങളാലും സജീവമാകുന്ന അന്തരീക്ഷം സ്കൂളിൽ നിർമിച്ചെടുക്കാൻ സാധിക്കും. വിദ്യാർഥികൾ തന്നെ റിപ്പോർട്ടറും പ്രസാധകരുമാകുന്നതിനാലും പൊതുജനങ്ങളുമായും നേരിട്ടു സംവദിക്കുന്നതിനാലും മാതൃഭാഷയിലാണ് ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. ഈ മേഖലയുടെ പ്രവേശികയായി വിവിധ മാതൃഭാഷാ കമ്പ്യൂട്ടിങ് പ്രോജക്ട് പ്രവർത്തനങ്ങളെ കാണുകയും അതിലൂടെ കുട്ടിക്കൂട്ടങ്ങളെ ഹായ് സ്കൂൾ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്യാനുള്ള തരത്തിലേക്ക് എത്തിക്കാവുന്നതുമാണ്.

## മലയാളം കമ്പ്യൂട്ടിങ് - ചില പ്രോജക്ട്ടുകൾ

**പ്രാദേശിക ഭാഷാ കമ്പ്യൂട്ടിങ്ങ്**

1. പദ, സമാന പദ, ശൈലി, ഗ്രാമ്യ-പട്ടണ ഭാഷ നിഘണ്ടുക്കളുടെ സോഫ്റ്റ്‌വെയർ ഡാറ്റാബേസ് നിർമാണം
2. വേഡ് പ്രൊസസ്സർ/എഡിറ്റർ സോഫ്റ്റ്‌വെയറുകളിൽ ഓട്ടോ കമ്പ്ലീഷൻ, വ്യാകരണ സിന്റാക്സ് പരിശോധനയ്ക്കുള്ള ഡാറ്റാബേസ്
3. ഹിന്ദി-മലയാളം, ഇംഗ്ലീഷ് -മലയാളം, ഉറുദു -മലയാളം തുടങ്ങിയ നിഘണ്ടുക്കളുടെയും വിവർത്തന പരിപാടികളുടെയും ഡാറ്റാബേസ്
4. ലോക്കലൈസേഷൻ പ്രോജക്ട്ടുകൾ

## പ്രാദേശികഭാഷാ ഉള്ളടക്കനിർമാണം

**1. വിക്കിപീഡിയ പ്രോജക്ട്ടുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ**

വിക്കിപീഡിയ പ്രോജക്ട് വിവിധ വിക്കിക്കൂട്ടായ്മയിലൂടെ മലയാളം വിക്കിപീഡിയയെ സംപുഷ്ടമാക്കുന്ന നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. ഇത്തരം മാതൃകയിൽ പകർപ്പാവകാശ കാലാവധി കഴിഞ്ഞ പുസ്തകങ്ങളെ വിക്കിഗ്രന്ഥശാലയിലേക്ക് ഉൾപ്പെടുത്തുന്ന പ്രവർത്തനം, ലേഖനങ്ങളെ വിവർത്തനം ചെയ്യൽ, വിക്ഷ്ണറി, വിക്കിചൊല്ലുകൾ എന്നിവയെ പുഷ്ടിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ എന്നിവ ഇതിലേക്കായി പരിഗണിക്കാവുന്നതാണ്.

**2. സ്കൂൾ വിക്കി**

കേരളത്തിലെ എല്ലാ സ്കൂളുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ഐ.ടി.@സ്കൂൾ പ്രോജക്ട് ആരംഭിച്ച സംരംഭമാണ് സ്കൂൾവിക്കി. വിദ്യാർത്ഥികളുടെ സർഗാത്മകസൃഷ്ടികളും അദ്ധ്യാപകർ തയ്യാറാക്കുന്ന പഠനസഹായ വിവരങ്ങളും അതാത് സ്കൂളുകളുടെ ചരിത്രം, മികവുകൾ, സ്ഥലപരിചയം, ശേഖരിക്കുന്നതിനും പങ്കുവക്കുന്നതിനുമാണ് വെബ്സൈറ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. സ്കൂൾവിക്കിയെ നിരന്തരം പുതുക്കുകയും, സ്കൂൾവിക്കിയുമായി ബന്ധപ്പെട്ട് വിവിധ പ്രോജക്ട്ടുകൾ ആവിഷ്കരിച്ച് (നാടോടി വിജ്ഞാനകോശം , സ്കൂൾ പത്രം, എന്റെ നാട് മുതലായവ) നടപ്പിലാക്കുന്നതും ഇതുമായി ബന്ധപ്പെട്ട് ചെയ്യാവുന്നതാണ്.

## ചില ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ

1. വിക്ടേഴ്സ് ചാനലിനായി വാർത്തകൾ തയാറാക്കി അവതരിപ്പിക്കുക.
2. സ്കൂൾ വെബ്സൈറ്റ്, ബ്ലോഗ് എന്നിവ തയാറാക്കി ദൈനംദിന സ്കൂൾ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്ത് പ്രസിദ്ധീകരിക്കുക.

### 4. ഇന്റർനെറ്റും സൈബർ സുരക്ഷയും

ഇന്റർനെറ്റ് സാർവത്രികമായി ഉപയോഗിക്കപ്പെടുന്ന സ്കൂൾ അന്തരീക്ഷത്തിൽ ഹൈടെക് സ്കൂളുകളെ സംബന്ധിച്ച് സൈബർ സുരക്ഷ പരമപ്രധാനമാണ്. കുട്ടികളെ നിരന്തരമായി ഇക്കാര്യം ബോധ്യപ്പെടുത്തുകയും ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ ഓരോരുത്തരും വിവിധ രീതിയിൽ നിരീക്ഷിക്കപ്പെടുന്നുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തുകയും വേണം. ഇതിനായി കുട്ടികളുടെ ഗ്രൂപ്പുകളെ തന്നെ ചുമതലപ്പെടുത്തുന്നത് ഉചിതമായിരിക്കും. ഇക്കാര്യത്തിനായി ഒരു സൈബർ സുരക്ഷാ ടാസ്ക് ഫോഴ്സ് രൂപീകരിച്ചു പ്രവർത്തിപ്പിക്കേണ്ടതുണ്ട്. പത്താംതരത്തിലെ ഈ മേഖല

പ്രോജക്ടിനായി തിരഞ്ഞെടുത്തവരെ ഉൾപ്പെടുത്തിയായിരിക്കണം ടാസ്ക് ഫോഴ്സ് രൂപീകരണം നടത്തേണ്ടത്.

**സൈബർ സുരക്ഷാ ടാസ്ക് ഫോഴ്സിന്റെ ചില പ്രവർത്തനങ്ങൾ**

1. സൈബർ സുരക്ഷാ ബോധവത്കരണ പ്രചരണങ്ങൾ സംഘടിപ്പിക്കുക.
2. സൈബർ സുരക്ഷാ ക്ലാസുകൾ നടത്തുക.
3. സുരക്ഷിതമായ ഇന്റർനെറ്റ് പ്രവർത്തനങ്ങൾക്ക് വിദ്യാർഥികളെ സഹായിക്കുക.

## 5 . ഇലക്ട്രോണിക്സ്

എല്ലാ സ്കൂളുകളിലും റാസ്പ്ബെറി പൈ കമ്പ്യൂട്ടറുകളും ഇലക്ട്രോണിക് കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. ഇത്തരം ചെറുകമ്പ്യൂട്ടറുകളും കിറ്റുകളും ഉപയോഗിച്ച് അപ്ലൈഡ് ഇലക്ട്രോണിക്സിന്റെയും പ്രോഗ്രാമിങ്ങിന്റേയും അടിസ്ഥാന പാഠങ്ങൾ അഭ്യസിക്കുന്നതിനും പ്രായോഗിക പ്രോജക്ട്കൾ ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഐ.സി.ടി. കൂട്ടിക്കൂട്ടം വഴി നടപ്പാക്കാനാകും.

- സ്കൂളിൽ ലഭ്യമായ ഇലക്ട്രോണിക്സ് കിറ്റ് ഉപയോഗപ്പെടുത്തിയുള്ള വിവിധ പ്രോജക്ട്കൾ തയാറാക്കുന്നതിനു പുറമേ സർക്കാരിന്റെ Learn to Code പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ഹൈസ്കൂളുകളിലും കഴിഞ്ഞ രണ്ട് വർഷങ്ങളിലായി തിരഞ്ഞെടുത്ത വിദ്യാർഥികൾക്കായി റാസ്പ്ബെറി പൈ കിറ്റ് വിതരണവും പരിശീലനവും നടത്തിയിട്ടുണ്ട്. സ്കൂളുകളിൽ ലഭ്യമായ റാസ്പ്ബെറി പൈ കിറ്റ് പ്രയോജനപ്പെടുത്തിയുള്ള വിവിധ പ്രവർത്തനങ്ങളും ഈ വിഭാഗത്തിൽ ഏറ്റെടുത്ത് ചെയ്യാവുന്നതാണ്. പൈത്തൺ പ്രോഗ്രാമുകൾ തയ്യാറാക്കി അവ റാസ്പ്ബെറി പൈ കിറ്റുപയോഗിച്ച് പ്രവർത്തിപ്പിച്ചു നോക്കുന്നതിനുള്ള പ്രോജക്ട് ചെയ്യാനാവശ്യമായ കൂടുതൽ പരിശീലനം വിദ്യാർഥികൾക്ക് നൽകേണ്ടതായിട്ടുണ്ട്.

പത്താംതരത്തിലെ ഈ മേഖല പ്രോജക്ടിനായി തിരഞ്ഞെടുത്തവർക്ക് ചുവടെ നൽകിയ പ്രോജക്ട് മാതൃകകൾ അവലംബിക്കാവുന്നതാണ്.

**ഈ വിഭാഗത്തിൽ ഏറ്റെടുക്കാവുന്ന ചില പ്രവർത്തനങ്ങൾ**

1. സ്കൂളുകളിൽ ലഭ്യമായ ഇലക്ട്രോണിക് കിറ്റിലെ ഘടകങ്ങൾ ഉപയോഗിച്ച് വിവിധ ഇലക്ട്രോണിക്സ് സർക്യൂട്ടുകൾ തയ്യാറാക്കുക. തയാറാക്കിയവയുടെ സർക്കീട്ട് ഡയഗ്രം വരച്ച് പ്രദർശിപ്പിക്കുക - ഇലക്ട്രോണിക് കിറ്റിൽ പരിശീലനം ലഭിച്ച അധ്യാപകന്റെ സഹായത്തോടെയാണ് ഈ പ്രോജക്ട് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത്.
2. എൽ.ഇ.ഡി ലൈറ്റുകൾ, വിവിധ ഇനം സെൻസറുകൾ തുടങ്ങിയവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചെറിയ ഇലക്ട്രോണിക് ഉപകരണങ്ങൾ റാസ്പ്ബെറി പൈ ഉപയോഗിച്ച് പ്രവർത്തിപ്പിക്കാവുന്ന രീതിയിൽ തയാറാക്കുക. അവ നിയന്ത്രിക്കുന്നതിനുള്ള പൈത്തൺ പ്രോഗ്രാമുകൾ എഴുതുക. ഈ പ്രോഗ്രാമുകളും ഉപകരണങ്ങളുടെ പ്രവർത്തനവും സ്കൂൾ തലത്തിൽ പ്രദർശിപ്പിക്കുകയും ഡോക്യുമെന്റ് ചെയ്യുകയും ചെയ്യുക.
3. ശാസ്ത്രമേളയിൽ അതതു സ്കൂളിനെ ഇലക്ട്രോണിക്സിൽ തല്പരരായ കുട്ടിക്കൂട്ടത്തിന് ചില പ്രവർത്തനങ്ങളിൽ പ്രതിനിധീകരിക്കാൻ ആവുന്ന രീതീയിലുള്ള താല്പര്യജനകവും അന്വേഷണാത്മകവുമായ പ്രോജക്ടുകൾ ഏറ്റെടുത്ത് ചെയ്യുക.

**മോണിറ്ററിങ്**

സ്കൂളിൽ നടക്കുന്ന പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമായ മോണിറ്ററിങ് സമിതികൾ സ്കൂൾ-ജില്ലാ-സംസ്ഥാന തലത്തിൽ രൂപീകരിക്കേണ്ടതാണ്. ഓരോ ഘട്ടത്തിലുമുള്ള പ്രകടനങ്ങളെ വിലയിരുത്തി ആവശ്യമായ മെച്ചപ്പെടുത്തലുകൾ നിർദേശിക്കുക, മികവു പുലർത്തുന്ന മാതൃകകൾക്ക് പ്രോത്സാഹനങ്ങൾ നൽകുക തുടങ്ങിയ പ്രവർത്തനത്തിലൂടെ ഹായ് സ്കൂൾ കുട്ടിക്കൂട്ടങ്ങളെ കൂടുതൽ ഘടനാപരമാക്കാനും പ്രകടനങ്ങൾ മെച്ചപ്പെടുത്താനും മോണിറ്ററിങ് സമിതിയുടെ പ്രവർത്തനങ്ങളിലൂടെ സാധ്യമാവണം.

**പിന്തുണാസംവിധാനങ്ങൾ**

- **സംസ്ഥാനതലം**

ഐ.സി.ടി കുട്ടിക്കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ താഴെ പറയുന്ന സംവിധാനങ്ങളും സാമഗ്രികളും സംസ്ഥാനതലത്തിൽ ഉറപ്പാക്കേണ്ടതാണ്.

- ഓരോ ഘട്ടങ്ങളിലും കുട്ടിക്കൂട്ടങ്ങൾക്കുള്ള വിവിധ പരിശീലനങ്ങൾ ആസൂത്രണം ചെയ്യൽ
- ഐ.സി.ടി. കുട്ടിക്കൂട്ടായ്മയുടെ ചുമതല വഹിക്കേണ്ട അദ്ധ്യാപകർക്കുള്ള (SITC, Joint SITC) വിവിധ പരിശീലനങ്ങൾ ആവിഷ്ക്കരിക്കൽ
- മുമ്പ് വിവരിച്ച അഞ്ച് മേഖലകളിലേയും പഠനപ്രവർത്തനങ്ങൾ പ്രതിപാദിക്കുന്ന പഠന മൊഡ്യൂളുകൾ, വീഡിയോ പാഠങ്ങൾ ( Demonstration Classes) തയാറാക്കൽ.
- സ്കൂളുകളിൽ മികവു പുലർത്തുന്നവർക്ക് കൂടുതൽ അവസരങ്ങൾ നൽകൽ, വിദ്യാർഥികളുടെ പ്രോജക്ട് പ്രവർത്തനങ്ങളുടെ അവതരണം -സംസ്ഥാനതല ഫെസ്റ്റ് സംഘടിപ്പിക്കൽ

- ടെക്നോ പാർക്ക്, ഇൻഫോപാർക്ക്, സ്റ്റാർട്ടപ്പ്/ഇലക്ട്രോണിക് വില്ലേജ് തുടങ്ങിയ വയുടെ പ്രവർത്തനങ്ങൾ മനസിലാക്കുന്നതിനും പരിചയപ്പെടുന്നതിനുമുള്ള അവസരം നൽകുന്നത് പരിഗണിക്കാവുന്നതാണ്.
- മുഴുവൻ ജില്ലകളിൽ നിന്നും പ്രസിദ്ധീകരണയോഗ്യമായ ഉത്പന്നങ്ങൾ തയാറാക്കിയ കുട്ടികൾക്കു പങ്കെടുക്കാൻ അവസരം നൽകാൻ കഴിയണം.

- സ്കൂൾ തലത്തിലുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും പ്രോത്സാഹനം നൽകാനുമുള്ള പ്രൊമോഷൻ ഹെൽപ്പ് ഡസ്കുകൾ സജ്ജമാക്കി പ്രവർത്തനങ്ങൾ സജീവമാക്കണം.
- സംസ്ഥാനതല മോണിറ്ററിങ്

**ജില്ലാതലം**

- സംസ്ഥാനതലത്തിൽ ആവിഷ്ക്കരിക്കുന്ന പരിശീലനങ്ങളുടെയും പ്രവർത്തനങ്ങളുടെയും നടത്തിപ്പ്
- ജില്ലാ തല മോണിറ്ററിങ്, പിന്തുണാസംവിധാനം
- പ്രൊമോഷൻ ഹെൽപ്പ്ഡസ്കുകൾ

**സ്കൂൾതലം**

സ്കൂൾ തലത്തിലെ ചില പ്രവർത്തനങ്ങൾ ചുവടെ നൽകുന്നു

- സംസ്ഥാനതലത്തിൽ നിർദേശിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ അതതു സമയത്ത് നടപ്പാക്കൽ
- ഐ.സി.ടി. കുട്ടിക്കൂട്ടം പദ്ധതിയുടെ നടത്തിപ്പ്, രക്ഷാധികാര സമിതി തെരഞ്ഞെടുപ്പ്.
- ഐ.സി.ടി. കുട്ടിക്കൂട്ടം അംഗങ്ങളാകാൻ താത്പര്യമുള്ള കുട്ടികളെ അഭിരുചി പരീക്ഷ നടത്തി തിരഞ്ഞെടുക്കൽ.
- കുട്ടിക്കൂട്ടങ്ങളിലെ പുതിയ അംഗങ്ങൾക്ക് പ്രാഥമികപരിശീലനം നൽകൽ.
- വിവിധ മൊഡ്യൂളുകളെ വിദ്യാർഥികൾക്ക് പരിചയപ്പെടുത്തൽ, താത്പര്യത്തിനനുസരിച്ചുള്ള ഗ്രൂപ്പ് രൂപീകരിക്കൽ, 8, 9 ക്ലാസ്സുകാർ പ്രവർത്തനപദ്ധതികൾക്കനുസരിച്ച് അതാതു മൊഡ്യൂളുകളിലേക്കുള്ള പ്രാക്ടിക്കൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ
- കുട്ടിക്കൂട്ടാംഗങ്ങൾക്ക് സ്വന്തം താത്പര്യത്തിനനുസരിച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന രീതി പരിശിലിപ്പിക്കത്തക്ക തരത്തിൽ പ്രവർത്തനങ്ങളാസൂത്രണം ചെയ്യൽ. പത്താം ക്ലാസുകാർ പ്രോജക്ട് പ്രവർത്തനം ഏറ്റെടുക്കൽ.
- മറ്റു കുട്ടികൾക്കും രക്ഷിതാക്കൾക്കും കാണാൻ അവസരം നൽകിക്കൊണ്ട് ഉത്പന്നങ്ങളുടെ പ്രദർശനം.

**ഉപസംഹാരം**

കുട്ടികൾ സദാ പ്രവർത്തിച്ചുകൊണ്ടിരിക്കാൻ താല്പര്യമുള്ളവരും നിരന്തരമായി പുതുമ ആഗ്രഹിക്കുന്നവരുമാണ്. അതുകൊണ്ടു തന്നെ സാങ്കേതിക വിദ്യയുടെ പുതുമ നേടാനുള്ള പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കുന്ന ഹായ്സ്കൂൾ കുട്ടിക്കൂട്ടം വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുക സുഗമവും രസകരവും ആവേശകരവുമായിരിക്കും. വിവരവിനിമയ സാങ്കേതിക വിദ്യയോടുള്ള വിദ്യാർഥികളുടെ ആകാംക്ഷയും കൗതുകവും ഗുണപരമായ രീതിയിൽ ഉപയോഗ പ്പെടുത്തിയാണ് ഹായ്സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി സാക്ഷാത്കരിക്കുന്നത്. സ്കൂൾ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് ലഭിക്കുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കുട്ടികളെ ഈ കൂട്ടായ്മയുടെ പ്രവർത്തകരും പ്രചാരകരുമാക്കി മാറ്റാവുന്നതാണ്. വിദ്യാഭ്യാസ സംരക്ഷണ യജ്ഞവും അതിലൂടെ ഹൈടെക് സ്കൂൾ പദ്ധതിയും നടപ്പിലാക്കുന്നതിനും ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ വിദ്യാലയങ്ങളുടെ ബഹുമുഖ പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കുന്നതിനും ഹായ്സ്കൂൾ കുട്ടിക്കൂട്ടത്തിനും സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാർക്കും അധ്യാപകർക്കും രക്ഷകർത്താക്കൾക്കും അവസരം ലഭിക്കുന്നതിന് ഈ പദ്ധതിയിലൂടെ സാധ്യമാകും.

നം. എൻ.ഇ.പി (3)-92196/16

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : 31.12.2016

# സർക്കുലർ

**വിഷയം :- പൊതുവിദ്യാഭ്യാസ വകുപ്പ് - സ്കൂളുകളിൽ ഐ.സി.ടി. അധിഷ്ഠിത പഠനവും ഐ.സി.ടി. ഉപകരണങ്ങളുടെ ഫലപ്രദമായ ഉപയോഗവും ഉറപ്പുവരുത്തുന്നതിന് ഹൈസ്കൂൾ വിദ്യാർഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

വായന :- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.07.2010 ലെ എൻ.ഇ.പി. (3)/66500/2008/ഡി.പി.ഐ. നമ്പർ സർക്കുലർ.

ഹൈസ്കൂളുകളിൽ ഐ.ടി.-ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്കൂൾ സ്റ്റുഡന്റ് ഐ.ടി. കോ-ഓർഡിനേറ്റർമാരെ (എസ്.എസ്.ഐ.ടി.സി) തെരഞ്ഞെടുക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റേയും ഹൈടെക് സ്കൂൾ പദ്ധതിയുടേയും ഭാഗമായി കുട്ടികളിൽ ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഹൈസ്കൂൾ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- വായന പ്രകാരമുള്ള സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ സ്കൂൾ സ്റ്റുഡന്റ് ഐ.ടി. കോ-ഓർഡിനേറ്റർമാർക്കും ലഭ്യമാക്കേണ്ടതാണ്.
- തെരഞ്ഞെടുത്ത കുട്ടികൾക്ക് അനിമേഷൻ & മൾട്ടിമീഡിയ, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ്, ഭാഷാ കമ്പ്യൂട്ടിങ്ങ്, ഇന്റർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ അഞ്ച് മേഖലകളിൽ പ്രത്യേക പരിശീലനം ഐ.ടി.@സ്കൂൾ പ്രോജക്ട് നൽകേണ്ടതാണ്.

സ്കൂൾ സ്റ്റുഡന്റ് ഐ.ടി. കോ-ഓർഡിനേറ്റർമാർക്കും ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും പ്രത്യേക ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങളും പരിശീലനങ്ങളും നൽകുന്നത് സംബന്ധിച്ച തുടർപ്രവർത്തനങ്ങൾക്ക് ഐ.ടി.@സ്കൂൾ പ്രോജക്ടിനെ ചുമതലപ്പെടുത്തുന്നു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@സ്കൂൾ പ്രോജക്ട്

എല്ലാ ഡി.ഡി.ഇ., ഡി.ഇ.ഒ. മാർക്കും

എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാർക്കും

സ്റ്റോക്ക് ഫയൽ